വെബ് സൈറ്റിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ :

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിമാസ ഇംഗ്ലീഷ് പ്രസിദ്ധീകരണമാണ് കേരള കോളിങ് 52 പേജിൽ (കവർ ഉൾപ്പെടെ) അകവും പുറവും (മൾട്ടി കളർ ആർട്ട് പേപ്പർ) ആകർഷണീയമായി തയാറാക്കിയിട്ടുള്ള ഈ മാസികയിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ നടന്നുവരുന്ന വികസനക്ഷേമപ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, സാമൂഹികം സാംസ്കാരികം, പൈതൃകം, കല തുടങ്ങി വിവിധ വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള ആധികാരികവും വിജ്ഞാനപ്രദവുമായ ഫീച്ചറുകൾ, ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു വരുന്നു. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, ഉദ്യോഗാർഥികൾ, വിദ്യാർഥികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് ഈ മാസിക ഏറെ ഉപയോഗപ്രദം. വില പ്രതി ഒന്നിന് എട്ട് രൂപ

ഏജൻസി വ്യവസ്ഥകൾ

1) ഏജൻസിക്ക് അനുവദിച്ചിട്ടുള്ള മാസികയുടെ കോപ്പികൾ അതാത് മാസം അഞ്ചാം തീയതിക്കുള്ളിൽ തന്നെ മാസികയുടെ പ്രിന്റിങ് നടക്കുന്ന തിരുവനന്തപുരത്തെ പ്രസ്സിൽ നിന്നും വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കൈപ്പറ്റേണ്ടതാണ്.
2) ഏജൻസി സംബന്ധിച്ച് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്
3) ഏജൻസിക്ക് അനുവദിക്കുന്ന കോപ്പികളുടെ വിലയായ തുക കോഷൻ ഡിപ്പോസിറ്റായി കരാറിൽ ഏർപ്പെടുമ്പോൾ വകുപ്പിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ഇതനുസരിച്ച് ലഭ്യമാക്കുന്ന കോപ്പികൾ വിറ്റശേഷം വിറ്റ കോപ്പികളുടെ 30 ശതമാനം കമ്മീഷൻ കഴിച്ചുള്ള തുക വകുപ്പിലെ സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽ അടച്ച് രസീത് കൈപ്പറ്റിയശേഷം അടുത്ത മാസത്തെ കോപ്പികൾ പ്രസ്സിൽ നിന്നും സ്വീകരിക്കാവുന്നതാണ്
4) വിൽക്കാത്ത കോപ്പികളുടെ മാസ്റ്റർ ഹെഡ്ഡുകൾ കീറിയത് സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽ ഹാജരാക്കി ബോധ്യപ്പെടുത്തേണ്ടതാണ്.
5) വില്പനയ്ക്കായി മാസികകൾ കൊണ്ടു പോകുന്നത് സ്വന്തം ചെലവിലായിരിക്കണം
6) ഏജൻസി നിർത്തുന്ന അവസരത്തിൽ കോഷൻ ഡിപ്പോസിറ്റ് തിരികെ നൽകുന്നതാണ്. ഈ അവസരത്തിൽ ഏജൻസിക്ക് വകുപ്പുമായി ഏന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ അത് കഴിച്ചുള്ള തുകയായിരിക്കും നൽകുക
7) കോഷൻ ഡിപ്പോസിറ്റ് തിരികെ കൈപ്പറ്റുന്നതിന് വകുപ്പിൽ നിന്നും നൽകിയ രസീത് ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ 2517036, 9496003231 എന്നീ നമ്പരുകളിൽ നിന്നറിയാം

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്